പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1282

03.12.2018 ൽ മറുപടിക്ക്

# കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ടി.ബൽറാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.ആർ.ഡി.സി.എൽ.) ന്റെ ഭരണ നിർവ്വഹണ സമിതിയുടെ ഘടന വിശദമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലുള്ള ഡയറക്ടർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) കേരള സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. സംയുക്ത സംരംഭക കരാർ അനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ 51% ഓഹരി കേരള സർക്കാരിന്റെയും 49% ഓഹരി കേന്ദ്ര സർക്കാരിന്റെയും ആണ്.<br>സംസ്ഥാനത്തെ ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള ഭരണസമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>1. ചീഫ് സെക്രട്ടറി – ചെയർമാൻ<br>2. കേരള സർക്കാരും റെയിൽവേയും സംയുക്തമായി തിരഞ്ഞെടുത്ത മാനേജിംഗ് ഡയറക്ടർ<br>3. കേരള സർക്കാർ നിയമിക്കുന്ന മുഴുവൻ സമയ ഡയറക്ടർ (ഫിനാൻസ് & ബിസിനസ്സ് ഡെവലപ്മെന്റ്)<br>4. റെയിൽവേ നിയമിക്കുന്ന മുഴുവൻ സമയ ഡയറക്ടർ (പ്രോജക്ട് & പ്ലാനിംഗ്)<br>5. കേരള സർക്കാർ നിയമിക്കുന്ന രണ്ട് ഡയറക്ടർ<br>6. റെയിൽവേ നിയമിക്കുന്ന രണ്ട് ഡയറക്ടർ<br>7. കേരള സർക്കാർ നിയമിക്കുന്ന ഒരു സ്വതന്ത്ര ഡയറക്ടർ<br>8. റെയിൽവേ നിയമിക്കുന്ന ഒരു സ്വതന്ത്ര ഡയറക്ടർ<br>കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ നിലവിലുള്ള ഡയറക്ടർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശ്രീ. ടോം ജോസ് (ഐ.എ.എസ്) – ചെയർമാൻ<br>2. ശ്രീ. വി അജിത്ത് കുമാർ (ഐ.ആർ.എസ്.എസ്.ഇ) – മാനേജിംഗ് ഡയറക്ടർ<br>3. ശ്രീ. പി.റ്റി. ബെന്നി (ഐ.ആർ.എസ്.ഇ) – മുഴുവൻ |

സമയ ഡയറക്ടർ (പ്രോജക്ട് & പ്ലാനിംഗ്)
4. ശ്രീ. അനിൽ കുമാർ ജി - മുഴുവൻ സമയ ഡയറക്ടർ (ഫിനാൻസ് & ബിസിനസ്സ് ഡെവലപ്മെന്റ്)
5. ശ്രീ. കെ. ആർ. ജ്യോതിലാൽ (ഐ.എ.എസ്) - ഭാഗിക സമയ ഡയറക്ടർ (കേരള സർക്കാർ)
6. ശ്രീ. മനോജ് ജോഷി (ഐ.എ.എസ്) - ഭാഗിക സമയ ഡയറക്ടർ (കേരള സർക്കാർ)
7. ശ്രീ. ഷാജി സക്കറിയ (ഐ.ആർ.എസ്.ഇ) - ഭാഗിക സമയ ഡയറക്ടർ (റെയിൽവേ)
8. ശ്രീ. വിജയ് ഗർഗ് (ഐ.ആർ.എസ്.ഇ) - ഭാഗിക സമയ ഡയറക്ടർ (റെയിൽവേ)

(ബി) കെ.ആർ.ഡി.സി.എൽ. നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. കെ.ആർ.ഡി.സി.എൽ. നടപ്പിലാക്കി-വരുന്ന പദ്ധതിയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയു-ടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നതും സം-ബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കു-ന്നു.

(സി) പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ നിയമനരീതി യും സംബന്ധിച്ച് വ്യക്തമാക്കുമോ; അവിടെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം യും തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ നിലവിലെ ഉദ്യോഗസ്ഥരെ നിയമിച്ച രീതി വിശദമാക്കുമോ?

(സി) (ഡി) കേരളാ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഉദ്യോഗസ്ഥരുടെ നിയമനരീതി സുതാര്യമായ രീതിയിലാണ് നടത്തിയിട്ടുള്ളത്. ഒഴിവുകൾ മലയാള പത്രത്തിലും, ഒരു ഇംഗ്ലീഷ് പത്രത്തിലും, കെ.ആർ.ഡി.സി.എൽ-ന്റെ ഔദ്യോഗിക വെബ്സൈറ്റിലും പരസ്യപ്പെടുത്തുകയും, ലഭിക്കുന്ന അപേക്ഷകൾ ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുകയും, തികച്ചും യോഗ്യരാണെന്ന് കാണുന്ന ഉദ്യോഗാർത്ഥികളെ മാത്രം ഇന്റർവ്യൂ നടത്തി നിയമനം നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

<u>ഡെപ്യൂട്ടേഷൻ</u>

1. മാനേജിംഗ് ഡയറക്ടർ - 1
2. ഡയറക്ടർ (പ്രോജക്ട് & പ്ലാനിംഗ്) - 1
3. ഡയറക്ടർ (ഫിനാൻസ്) - 1
4. ഡെപ്യൂട്ടി ജനറൽ മാനേജർ (എച്ച്.ആർ) - 1

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഭരണ നിർവ്വഹണ സമിതി വഴി നിയമിക്കപ്പെട്ടവർ.

1. ജോയിന്റ് ജനറൽ മാനേജർ/കമ്പനി സെക്രട്ടറി – 1

കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ

1. അഡീഷണൽ ജനറൽ മാനേജർ – 1
2. അഡ്മി. അസിസ്റ്റന്റ്/നിയമ അസിസ്റ്റന്റ് – 1
3. ഫിനാൻസ് അസിസ്റ്റന്റ് – 1
4. ഓഫീസ് സൂപ്രണ്ടന്റ് – 3
5. പേഴ്സണൽ അസിസ്റ്റന്റ് – 2
6. അസിസ്റ്റന്റ് മാനേജർ – 3
7. സീനിയർ സെക്ഷൻ എഞ്ചിനീയർ – 1
8. സെക്ഷൻ എഞ്ചിനീയർ – 1

പുറം കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ

1. ടെക്നിക്കൽ അസിസ്റ്റന്റ് – 4
2. ഡേറ്റാ എൻട്രി ഓപ്പറേറ്റർ – 2
3. അക്കൗണ്ടന്റ് – 1
4. ജൂനിയർ അസിസ്റ്റന്റ് / ക്ലാർക്ക് – 2
5. റിസപ്ഷനിസ്റ്റ് – 1
6. സ്റ്റെനോ – 1
7. വാച്ച്മാൻ – 1
8. പ്യൂൺ – 4

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം

| പദ്ധതിയുടെ പേര് | വിശദാംശം | നിലവിലെ സ്ഥിതി | കേന്ദ്ര - സംസ്ഥാന വിഹിതം |
|---|---|---|---|
| തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തണം | പ്രസ്തുത പദ്ധതിക്കായി ഡിസംബർ 30, 2017 ന് കേരള സർക്കാരിനു വേണ്ടി ചീഫ് സെക്രട്ടറി റയിൽവേ ബോർഡ് ചെയർമാനിനു പദ്ധതിയുടെ പ്രാഥമിക പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിനു മറുപടിയായി ഡിറ്റെൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിക്കൊണ്ട് തിരിച്ചു സമർപ്പിക്കാൻ റയിൽവേ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. | ഡി.പി..ആർ തയ്യാറാക്കുവാൻ കൊങ്കൺ റയിൽവേ കോർപ്പറേഷനെയാണ് കേരള റയിൽ ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നിയോഗിച്ചിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ കേരള പ്രദേശത്ത് നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ കർണ്ണാടക സംസ്ഥാനത്ത് കൂർഗ് ജില്ലയിൽ പ്രസ്തുത പഠനം നടത്തുവാൻ അവിടത്തെ ജനങ്ങൾ അനുവദിക്കുന്നില്ല. പ്രസ്തുത വിഷയത്തിൽ ഉടനടി രണ്ട് സർക്കാറുകളും ചേർന്ന് സംയുക്തമായ തീരുമാനം എടുക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി ചീഫ് സെക്രട്ടറി തല മീറ്റിംഗ് നടത്തുവാൻ കേരള സർക്കാർ കർണാടക സർക്കാരിനു കത്തയക്കുകയും ചെയ്തിട്ടുണ്ട്. | പദ്ധതി ചിലവ് - 5000.03 കോടി.<br><br>പ്രസ്തുത പദ്ധതിക്ക് 40 ശതമാനം ഓഹരി സർക്കാരും ബാക്കി 60 ശതമാനം സോഫ്റ്റ് ലോൺ വഴിയുളള ഡെബിറ്റ് ഫണ്ടിംഗ് വഴിയുമാണ് ഉദ്ദേശിക്കുന്നത്.<br><br>802.86 കോടി - 49%(കേന്ദ്ര വിഹിതം)<br><br>571.22 കോടി - (കേരള സംസ്ഥാനം - 34.86%<br><br>264.39 കോടി - കർണാടക സംസ്ഥാനം - 16.14% |
| റാപ്പിഡ് റയിൽ ട്രാൻസിസ്റ്റ് സിസ്റ്റം പദ്ധതിയുടെ പ്രാരംഭമായി ആറു ട്രെയിനുകൾ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ റൂട്ടിൽ രാവിലെയും വൈകുന്നേരവും അനുവദിക്കുക | ഈ വിഷയത്തിൽ 2014 മുതൽ 2017 വരെയുള്ള കാലയളവിൽ കേരള സർക്കാർ സതേൺ റയിൽവേയുമായി വിശദമായ കത്ത് ഇടപാടുകൾ നടത്തിയിരുന്നു. | ഈ പദ്ധതി പ്രയോഗികമല്ല എന്നുള്ള കാരണത്താൽ റയിൽവേ വകുപ്പ് തിരിച്ചയച്ചു. | ---- |
| തിരുവനന്തപുരം മുതൽ കാസർഗോട് വരെ പുതുതായി രണ്ടു ബ്രോഡ്ഗേജ് ലൈനുകളുടെ നിർമ്മാണത്തിനായി അംഗീകാരം നൽകുക | പ്രസ്തുത പദ്ധതിക്കായി ഡിസംബർ 30, 2017 ന് കേരള സർക്കാരിനു വേണ്ടി ചീഫ് സെക്രട്ടറി റയിൽവേ ബോർഡ് ചെയർമാനിനു പദ്ധതിയുടെ പ്രാഥമിക പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിനു മറുപടിയായി ഡിറ്റെൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിക്കൊണ്ട് തിരിച്ചു സമർപ്പിക്കാൻ റയിൽവേ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. | വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുവാൻ വേണ്ടി കേരള റയിൽ ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ബോർഡിന്റെ അംഗീകാരം ലഭിച്ചതു പ്രകാരം 15/10/2018 ൽ ജനറൽ കൺസൽട്ടൻസി ഏജൻസിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി ഡി.പി.ആർ രൂപരേഖ തയ്യാറാക്കി ഈ സാമ്പത്തിക വർഷം തന്നെ റയിൽവേ ബോർഡിന് സമർപ്പിക്കുവാൻ തയ്യാറെടുപ്പുകൾ നടത്തിവരുന്നു. | പദ്ധതി ചിലവ് നിർമ്മാണം പൂർത്തിയാകുന്നതോടെ 55337 കോടി.<br>കേരള സർക്കാരും കേന്ദ്ര സർക്കാരും പദ്ധതി തുകയുടെ 10 ശതമാനം ഓഹരിയായി നൽകും.<br>കേരള സർക്കാർ - 10 % 5534<br>കേന്ദ്ര സർക്കാർ - 10 % 5534 |

| | | | |
|---|---|---|---|
| എരുമേലി- പുനലൂർ പുതിയ ബ്രോഡ്ഗേജ് പാത സംയുക്ത സംരംഭമായി തുടങ്ങുന്നതിനുതകുന്ന തീരുമാനങ്ങൾ എടുക്കുക | പ്രസ്തുത പദ്ധതികൾക്കായി പ്രാഥമിക പഠനറിപ്പോർട്ട് തയ്യാറാക്കി റയിൽവേ ബോർഡിന് സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. | 2018 ആഗസ്റ്റ് 6 ലെ 9൦ം ബോർഡ് ഓഫ് ഡയറക്ടർ മീറ്റിംഗിലെ തീരുമാനപ്രകാരം പ്രസ്തുത പദ്ധതി പഠനം തത്കാലം മാറ്റി വച്ചു | - - - |
| ഏറ്റുമാനൂർ- പാലാ പുതിയ ബ്രോഡ്ഗേജ് പാത സംയുക്ത സംരംഭമായി തുടങ്ങുന്നതിനുതകുന്ന തീരുമാനങ്ങൾ എടുക്കുക | പ്രസ്തുത പദ്ധതികൾക്കായി പ്രാഥമിക പഠനറിപ്പോർട്ട് തയ്യാറാക്കി റയിൽവേ ബോർഡിന് സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. | 2018 ആഗസ്റ്റ് 6 ലെ 9൦ം ബോർഡ് ഓഫ് ഡയറക്ടർ മീറ്റിംഗിലെ തീരുമാനപ്രകാരം പ്രസ്തുത പദ്ധതി പഠനം തത്കാലം മാറ്റി വച്ചു. | - - - - |
| കൊച്ചിയിലെ പഴയ റയിൽവേ സ്റ്റേഷൻ ( ഇപ്പോഴുപയോഗമില്ലാത്തത്) പുനർനിർമ്മിക്കുന്നതിനുതകുന്ന നടപടികൾ സംയുക്ത സംരംഭ കമ്പനിയെ ചുമതലപ്പെടുത്തുക | പ്രസ്തുത പദ്ധതിക്കായി ഡിസംബർ 30, 2017 ന് കേരള സർക്കാറിനു വേണ്ടി ചീഫ് സെക്രട്ടറി റയിൽവേ ബോർഡ് ചെയർമാനിനു പദ്ധതിയുടെ പ്രാഥമിക പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിനു മറുപടിയായി ഡിറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കി കൊണ്ട് തിരിച്ചു സമർപ്പിക്കാൻ റയിൽവേ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. | ഡി.പി.ആർ. തയ്യാറാക്കി കെ.ആർ.ഡി.സി. എൽ 30/12/2017 ൽ റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നിർമ്മാണ നടത്തിപ്പുമായി ബന്ധപ്പെട്ട് റയിൽവേയിൽ നിന്നു അന്തിമ അനുമതി ലഭ്യമാക്കേണ്ടി ഇരിക്കുന്നു. ഇതിന്റെ മറുപടി ഇനിയും ലഭ്യമായിട്ടില്ല. | പദ്ധതി പൂർണമായും പബ്ലിക് പ്രൈവറ്റ് പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത് |
| നിലംബൂർ- നൻജഗുഡ് റയിൽ ലൈൻ അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തണം | 2016-ൽ റയിൽവേ മന്ത്രാലയം കേരള സർക്കാറിന്റെ ചിലവിൽ ഡി.പി. ആർ തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി. വഴി അനുവാദം നൽകിയിട്ടുണ്ട്. ഡി.എം.ആർ.സി. നാളിതുവരെ ഡി.പി. ആർ സമർപ്പിച്ചിട്ടില്ല. | പ്രസ്തുത പദ്ധതിയുടെ പ്രാഥമിക പഠന റിപ്പോർട്ട് ഡി.പി. ആർ ഏറ്റെടുത്ത് നടത്തുന്നതിന്കേരള റയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനു ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സർക്കാരും കർണാടക സർക്കാരും ചേർന്നു നടത്തുന്ന ഉന്നത തല മീറ്റിംഗിന്റെ അജണ്ടയിൽ ഉൾപ്പെടുത്താനും പ്രസ്തു മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുവാനും2018 ആഗസ്റ്റ് 6 ലെ 9൦ം ബോർഡ് ഓഫ് ഡയറക്ടർ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. | |

SRa...

സെക്ഷൻ ഓഫീസർ